LIBRARY ARCHIVES Kerala Legislative Assembly

തിരുവമ്പാടി മണ്ഡലത്തിലെ ജലസേചന ചെറുകിട ജലസേചന ആർ.എം.എഫ് പ്രവൃത്തികൾ

25 (2123) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിൽ ജലസേചന ചെറുകിട ജലസേചന ആർ.എം.എഫ്. പദ്ധതികളിലായി എത്ര പദ്ധതികൾ അനുവദിച്ചുവെന്നും, പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക, നിലവിലുള്ള അവസ്ഥ എന്നിവ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ;

(ബി) നെൽകൃഷിയുടെ വിളവെടുപ്പിന് നൂറാംചോട്-പാലക്കൽ പാടശേഖരത്തിന്റെ സംരക്ഷണ പ്രവൃത്തി നടത്തുന്നതിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു

(ബി) വിവരം ശേഖരിച്ചുവരുന്നു.

പിറവം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

26 (2124) ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിലെ എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കാണ് പുനരുദ്ധാരണത്തിന് ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത് എന്നും അവയുടെ പേരുകളും ലഭ്യമാക്കിയ തുകയും എത്രയെന്നു വ്യക്തമാക്കുമോ ;

(ബി) അതിൽ ഇതിനകം ഏതൊക്കെ പദ്ധതികളാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികൾ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്നും എന്നത്തേക്ക് ഓരോ പദ്ധതിയും പൂർത്തീകരിക്കുവാൻ കഴിയും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിറവം നിയോജകമണ്ഡലത്തിലെ 17 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കാണ് പുനരുദ്ധാരണത്തിന് ഫണ്ട് ലഭ്യമായിട്ടുള്ളത്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. *

(ബി) എല്ലാ പദ്ധതികളും ടെണ്ടർ ചെയ്തു. ജോലികൾ നടന്നുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.